അഴിയൂർ സബ് രജിസ്ട്രാർ ആഫീസിൽ ജീവനക്കാരെ നിയമിക്കാൻ നടപടി

117 [3373] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര മണ്ഡലത്തിലെ അഴിയൂർ സബ് രജിസ്ട്രാർ ആഫീസിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കാനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) ജി. ഒ. (പി.)34/2004/പി ആന്റ് എ.ആർ.ഡി. ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിൽനിന്നും 189 തസ്തികകൾ മറ്റുള്ള വകുപ്പുകളിലേക്ക് പുനർവിന്യാസം നടത്തിയതിനാൽ അഴിയൂർ സബ് രജിസ്ട്രാർ ആഫീസിൽ ഒരു യു.ഡി. ക്ലാർക്കിന്റെ തസ്തികയിൽ കുറവ് വന്നിട്ടുണ്ട്. മറ്റു തസ്തികകളിലൊന്നും ഒഴിവുകൾ നിലവിലില്ല.

നീലേശ്വരം, വെള്ളരിക്കുണ്ട് സബ് രജിസ്ട്രാർ ഓഫീസുകൾക്ക് കെട്ടിടം

118 [3374] *ശ്രീ എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നീലേശ്വരം, വെള്ളരിക്കുണ്ട് സബ് രജിസ്ട്രാർ ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം പണിയാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കെട്ടിടം പണിയാനുള്ള നടപടിക്രമങ്ങൾ ഏതുവരെയായെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) വെള്ളരിക്കുണ്ട് എന്ന പേരിൽ ഒരു സബ്. രജിസ്ട്രാർ ഓഫീസ് നിലവിലില്ല. കാസർഗോഡ് ജില്ലയിലെ ബളാൽ സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിനായി 5-8-2005-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (ആർ‌റ്റി.) 508/05/റ്റി.ഡി. പ്രകാരം ഭരണാനുമതി നൽകിക്കഴിഞ്ഞു. നീലേശ്വരം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടം പണിയുന്നത് സംബന്ധിച്ച തീരുമാനമായിട്ടില്ല.

കോഴിക്കോട് ജില്ലയിലെ രജിസ്ട്രേഷൻ ഓഫീസുകൾ

119 [3375] *ശ്രീ എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ എത്ര രജിസ്ട്രേഷൻ ഓഫീസുകളുണ്ട്; അവ എവിടെയെല്ലാമാണ് സ്ഥിതിചെയ്യുന്നത്;

LIBRARY ARCHIVES Kerala Legislative Assembly